ഗുഡ്ന്യൂസ് GOODNEWS WEEKLY

# പെയ്തൊഴിഞ്ഞ മഴ

**വിധേയൻ**

മഴ പെയ്യുകയാണ്. അതൊരു കൈമാറ്റമാണ്. തന്നെ ഭൂമിക്കായി ഏല്പിച്ചുകൊടുത്ത മേഘം താഴേക്കിറങ്ങുന്നതാണു മഴ. പിന്നെ ഒരു കവിഞ്ഞൊഴുക്കാണ്, നിറവാണ്. താഴ്‌വരകളിലേക്കും തോടുകളിലേക്കും പാടത്തേക്കും കിണററിലേക്കും പറമ്പിലേക്കും ഒടുവിൽ സമുദ്രത്തിലേക്കും.

ഭൂമിയുടെ ജീവനാണു മഴ. അതൊരു ചാക്രിക ചലനമാണ്. വെള്ളമെല്ലാം ഒടുവിൽ സമുദ്രത്തിലെത്തുന്നു. അവിടെനിന്നും മേഘങ്ങളായി ഉയരുന്നു. മേഘങ്ങൾ വീണ്ടും താഴേക്കു മഴയായി പെയ്യുന്നു. അ ഒഴുക്കിനെ പ്രകൃതി തടയുന്നില്ല, മനുഷ്യൻ കെട്ടിയുയർത്തുന്ന അണക്കെട്ടിൽ മാത്രം.

പങ്കിടൽ ശ്രേഷ്ഠമാണ്, ആത്മീയമാണ്. പ്രപഞ്ചത്തിന്റെ സൗന്ദര്യമാണ്, ദൈവികസ്വഭാവമാണ്, ജീവികളുടെ നിലനിൽപാണ്. പങ്കിടൽ എവിടെ നിൽക്കുന്നുവോ അവിടെ ജീവനും നിൽക്കുന്നു. ചാവുകടലിൽ ചത്തതെന്താണ്? പങ്കിടൽ. യോർദാൻനദി പകർന്നുകൊടുത്തതു ചാവുകടൽ സംഭരിച്ചുവെച്ചു. ചാവുകടലിൽ നിന്നും പിന്നെ ഒഴുക്കില്ലത്രേ. ചാവുകടലിൽ ജീവികൾ ഇല്ല (ചില അതിസൂക്ഷ്മ ജീവികളൊഴിച്ച്) എന്നു ശാസ്ത്രപക്ഷം. പിന്നെ വെറുതെ വെള്ളത്തിൽ പൊങ്ങിക്കിടന്ന് ഫോട്ടോയെടുക്കാമെന്നു മാത്രം!

സംഭാരനഗരങ്ങൾ വ്യക്തികളുയർത്തുമ്പോൾ മുഴക്കുന്നതു മറ്റുള്ളവരുടെ മരണമണികൂടെയാണ്. വീതിച്ചു കൊടുക്കേണ്ടതു കെട്ടിവെക്കുമ്പോൾ 'എകെ 47' ന്റെ മാന്യതകൂടും. സംഭാരണങ്ങൾക്കു കാവൽവേണം കാവലിനു തോക്കും.

കൂട്ടിവെക്കുമ്പോൾ കണക്കുനോക്കണം. കണക്കുനോക്കാൻ തുടങ്ങിയാൽ ഒന്നിന്റെ കുറവ് എപ്പോഴും കണ്ടെത്തിക്കൊണ്ടിരിക്കും. എത്ര കൂട്ടിയാലും ഒന്നും കുറയും. അയൽപക്കക്കാരന്റേതിനെക്കാൾ കണക്ക് കാൽക്കുലേറ്ററിൽ അല്ലല്ലോ, മനസ്സിലാണ്. അവിടെ തൃപ്തിയില്ലെങ്കിൽ പിന്നെ കണക്കു യന്ത്രത്തിനെന്തു ചെയ്യാൻ.

കുറഞ്ഞുപോയ ഒന്നിനു കോടികളുടെ വിലയാണ്. അതു കണ്ടെത്താതെ ഉറക്കമില്ല. ആ കണ്ടെത്തൽ മരീചികയുമാണ്. പിന്നെ ആർത്തിയായി. താഴത്തെ കൊമ്പിലെ മാങ്ങ പറിക്കാൻ ചാടുന്ന കുട്ടിയെപ്പോലെ മെല്ലെ ചാടിയപ്പോൾ വിരലൊന്നു മാങ്ങയിൽ തൊട്ടു, പക്ഷെ കിട്ടിയില്ല. ആഞ്ഞു ചാടിയപ്പോൾ കിട്ടിയെന്നു കരുതിയതാണ്. പക്ഷെ ഇല്ല. അടുത്ത ചാട്ടത്തിനെങ്കിലും കിട്ടുമെന്ന പ്രതീക്ഷയിൽ ആ കുട്ടി ഇപ്പോഴും ചാടിക്കൊണ്ടിരിക്കുകയാണ്.

കുറെക്കൂടി കിട്ടിയാൽ ഉത്തരമായെന്നും – പിന്നെയൊന്നു ദീർഘമായിട്ടുറങ്ങാമെന്നും കരുതിയപ്പോഴേക്കും ശവപ്പെട്ടിയുമായി ആളുകളെത്തി. അവർ പാടുന്ന 'സമയമാം രഥ...'ത്തിനെന്തേ ഉള്ളിൽ തീകത്തിക്കാനാവാത്തത്. ആരും പാഠം പഠിക്കുന്നില്ലല്ലോ. പാടുന്ന 'ജീവൻ' വെറുതെ പാടുന്നുവെന്നേയുള്ളു. കേൾക്കുന്ന 'ജഡ'ത്തിന്റെ സമയമൊട്ട് കഴിഞ്ഞുംപോയി.

പൂട്ടിവെക്കുന്നതും കൂട്ടിവെക്കുന്നതും നിക്ഷേപങ്ങളല്ല, ആരുടെയൊക്കെയോ കണ്ണുനീരുകളാണ്. അരിക്കാശ്, മരുന്ന്, വാടക തുടങ്ങി എത്രയോ തേങ്ങലുകൾ. പുഴുവും തുരുമ്പും നശിപ്പിക്കുകയും കള്ളന്മാർ കയറി മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിക്ഷേപങ്ങൾ സ്വരൂപിക്കുന്നതിനെ ദൈവപുത്രൻ വിലക്കിയപ്പോൾ നാം അതിനെ പുറങ്കാലുകൊണ്ട് തട്ടിക്കളഞ്ഞു. നിക്ഷേപങ്ങളെ നാം ഹൃദയത്തോടു ചേർത്തുവെച്ചു. ആയുസ്സ് അങ്ങനെ അല്പം നീട്ടിയെടുക്കാമെന്നു സ്വപ്നം കണ്ടു. എന്തുകൊണ്ടാണു കേരളത്തിൽ ഹൃദ്രോഗികൾ പെരുകിയത്. കാരണങ്ങൾ പലതാണെങ്കിലും, "ഉത്ക്കണ്ഠപ്പെടുന്നതുകൊണ്ട് നിങ്ങളിൽ ആർക്കെങ്കിലും തന്റെ ആയുസ്സിന്റെ ദൈർഘ്യത്തോട് ഒരു മുഴം കൂട്ടുവാൻ കഴിയുമോ?" (മത്താ. 6:27) എന്ന ചോദ്യം നാം കേട്ടിട്ടില്ലെന്നു നടിക്കാൻ കഴിയുമോ?

പങ്കിടണമെങ്കിൽ നെഞ്ചോടൊന്നും ചേർത്തുവെക്കരുത്. അബ്രാഹാമിനു നെഞ്ചിൽ നെഞ്ചുമാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്റെ നെഞ്ചാണു ദൈവം. ദൈവം പറഞ്ഞാൽ അബ്രാഹാം എന്തും വിട്ടുകൊടുക്കും. എന്തുചോദിച്ചു എന്നല്ല, ആരു ചോദിച്ചു എന്നതാണ് അബ്രാഹാമിന്.



ചോദിക്കുന്നത് അന്യദേശത്തേക്കു യാത്രപോകാനാണോ? കണ്ടു കൊതിതീരാത്ത ഏകജാതനെയാണോ? അതൊരു യുദ്ധമായിരുന്നില്ല. ചോദിക്കുന്നവനെക്കാൾ വലുതായിരുന്നില്ല വിട്ടുകൊടുക്കേണ്ടിയിരുന്നവ. ചോദിച്ചവൻ അബ്രാഹാമിനു കണ്ണാണ്, കരളാണ്, മുത്താണ്, പൊന്നാണ്, സങ്കേതമാണ്, സംഗീതമാണ്. ആരെക്കുറിച്ചാണോ പറഞ്ഞുപറഞ്ഞ് വാക്കുകൾ തീരുമ്പോൾ കരഞ്ഞുപോകുന്നത് അവിടുന്നാണ്.

വിട്ടുകളയാനോ, വിട്ടുകൊടുക്കാനോ, വിട്ടുപോകാനോ തുടങ്ങി വിടലുകൾ വേണ്ടിവരുന്നത് അവയോടുള്ള ആസക്തികൂടുന്നതുകൊണ്ടുമാത്രം ആകണമെന്നില്ല. അതൊരു പരീക്ഷകൂടെയാണ്. "നിന്റെ മകനെ, നിന്റെ ഏകജാതനെ എനിക്കു തരുവാൻ നീ മടിക്കാതിരുന്നതുകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നുവെന്ന് ഇപ്പോൾ ഞാൻ അറിയുന്നു" (ഉൽപ. 22:12). ദൈവം സാക്ഷ്യപത്രം അബ്രാഹാമിനു കൈമാറി. പരാജയപ്പെട്ട ഒരു മനുഷ്യന്റെ കഥയാണ് അടുത്തത്. അയാളോടു തനിക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കാൻ യേശുക്രിസ്തു ആവശ്യപ്പെടുമ്പോൾ അയാൾകേട്ട വാക്കുകൾ ഏറ്റവും വെറുക്കപ്പെട്ട വാക്കുകൾ ആയിരുന്നു. പിന്നെ നെഞ്ചിലൊരു യുദ്ധമാണ്. അതു പറഞ്ഞ കർത്താവിനോട് അയാൾക്ക് കടിച്ചുകീറാനുള്ള കോപം ഉണ്ടായിരുന്നാലും യേശുക്രിസ്തുവിന് അയാളോടുള്ള വികാരം സ്നേഹമായിരുന്നു. അയാൾ ദുഃഖിച്ചു പൊയ്ക്കളഞ്ഞു.

എന്താണു വിടേണ്ടത്? ഉത്തരം കൃത്യമാണ് – അറിയില്ല. അറിയാമെങ്കിൽ അതു സ്വയത്തിന്റെ സംഭാവനയാണ്. സ്വയത്തിന് അറിയാത്തതായി ഒന്നുംതന്നെയില്ല. ദൈവത്തിന്റെതൊഴികെ എന്താണു വിടേണ്ടത്? ദൈവം പറയട്ടെ, ദൈവത്തിനുവേണ്ടി സ്വയം പറയണ്ട ആത്മാവ് പറയട്ടെ. പറയുന്നതു വിടണം, കൃത്യമായി ഏകജാതനു പകരം ആട്ടിൻകുട്ടിയും ആട്ടിൻകുട്ടിക്കു പകരം അരാധനയും ആരാധനയ്ക്കു പകരം ഉപവാസവും ദൈവികമല്ല. അനുസരിക്കുന്നതല്ലേ യാഗത്തെക്കാളും, ശ്രദ്ധിക്കുന്നതല്ലേ മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്.

**ഒടിച്ചുകുത്തി:**

ലോകത്തിലേക്കും കഴിവുറ്റ ശില്പിയാണു കൊത്തുന്നത്. ആ കണ്ണുകളിലെ തിളക്കം കണ്ടാലറിയാം. അയാൾ ആ പാറയിൽ മനോഹരമായതെന്തോ കണ്ടിട്ടുണ്ട്. പാറയിൽ നിന്നും കൊത്തുളികൊണ്ട് ശില്പി വേണ്ടാത്തഭാഗങ്ങളെ കൊത്തിനീക്കുകയാണ്. പാറ ചങ്കിടിപ്പോടെ ആ കൊത്തിനീക്കിയ ഭാഗങ്ങളിലേക്കു നോക്കി. തന്റെ നഷ്ടങ്ങളാണവ. പാറ വേദനയോടെ ശില്പിയെ നോക്കി. "പിന്നെ ഞാനെങ്ങനെ എന്റെ സ്വയങ്ങൾ നിന്നിൽ വിരിയിക്കും," ശില്പി ചോദിച്ചു.

പാറയുടെ അമർഷവും പരാതിയും – ശില്പി പണി നിർത്തി എഴുന്നേറ്റു. കൊത്തുളിക്കു പിന്നെയും കല്ലിലുരച്ച് മൂർച്ചകൂട്ടി.

സ്വന്തം ശരീരത്തിലേക്ക് ശില്പി കൊത്തുളി ചേർത്തുവെച്ചപ്പോൾ – ആ ഉളിയിൽ ചുറ്റികകൊണ്ട് ആരോ അടിച്ചു. പിന്നെ അവൻ പ്രാണനെ വിട്ടു.